ഭരണഭാഷ-മാതൃഭാഷ

നമ്പർ.400967/BRMC01/GPO/2023/8371/(3)

ഉണ്ണികുളം ഗ്രാമ പഞ്ചായത്ത് ആഫീസ്

ഉണ്ണിക്കുളം
എകരൂൽ.പി.ഓ
കോഴിക്കോട്
Phone No:04962647065
E-mail:unnikulamgp@gmail.com

തീയതി : 18/01/2024

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

രാജേഷ് എ
ഇൻറേണൽ വിജിലൻസ് ഓഫീസർ 5& കൺവീനർ(സ്ഥിരം അദാലത്ത് ഉപജില്ലാ സമിതി)

സർ,

വിഷയം:- തദ്ദേശ സ്വയം ഭരണ വകുപ്പ് - സ്ഥിരം അദാലത്ത് - റിപ്പോർട്ട് സംബന്ധിച്ച്

ഉണ്ണികുളം ഗ്രാമ പഞ്ചായത്തിൽ ശശി കാരാട്ട് എന്നവർക്ക് കെട്ടിട നമ്പർ അനുവദിക്കാത്തതു സംബന്ധിച്ച് ടിയാൻ ഉപജില്ലാസമിതി സ്ഥിരം അദാലത്തിൽ സമർപ്പിച്ച പരാതി 4/12/2023 ലെ സ്ഥിരം അദാലത്തിൽ പരിഗണിച്ചതിലെ തീരുമാനപ്രകാരം ടിയാൻ 8371/23 നമ്പറായി കെട്ടിടനിർമ്മാണം റഗുലറൈസ് ചെയ്യുന്നതിന് സമർപ്പിച്ച അപേക്ഷ പ്രകാരം സാങ്കേതിക പരിശോധനയിൽ കണ്ടെത്തിയ ചട്ടലംഘനങ്ങൾ പരിഹരിച്ച സമർപ്പിക്കുന്നതിന് 45 ദിവസം കൂടി സമയം അധികം അനുവദിച്ച കൊണ്ടും അപാകത പരിഹരിക്കുന്നതിൻറെ ഭാഗമായി അനുമതിയില്ലാതെ സ്ട്രക്ച്ചർ വർക്ക് നടത്തിയ കെട്ടിടത്തിൻറെ ഏതെങ്കിലും ഭാഗം പൊളിച്ച മാറ്റേണ്ടതുണ്ടെങ്കിൽ അക്കാര്യവും,പ്രസ്തുത സ്ഥലത്ത് ശ്രീ.ജയപ്രകാശ് ചെറിയ ~~[illegible]~~ കോഴിമഠത്തിൽ എന്ന വ്യക്തിയുമായി അതിർത്തി തർക്കം നില നിൽക്കുന്നതിനാലും വ്യക്തമായ അതരളവ് മനസ്സിലാക്കുന്നതിന്നായി താലൂക്ക് സർവ്വേയറിൽ നിന്ന് താലൂക്ക് സർവ്വേയറിൽ നിന്ന് സർവ്വേ സ്കെച്ച് ഹാജരാക്കേണ്ടതാണെന്നും കാണിച്ച് മറുപടി വ്യക്തമായി രേഖാമൂലം പഞ്ചായത്തിനെ അറിയിക്കുന്നതിനും നിർദ്ദേശിച്ചുകൊണ്ട് 26/12/2023 തിയ്യതിയായി അപേക്ഷകന് അറിയിപ്പ നൽകിയിട്ടുണ്ടെന്നും ബോധിപ്പിക്കുന്നു. എന്നാൽ ടിയാൻ ആയതിനു നാളിതുവരെ മറുപടി സമർപ്പിച്ചിട്ടില്ല. മറുപടി സമർപ്പിക്കുന്നതിന് പകരമായി ടി വിഷയവുമായി ബന്ധപ്പെട്ട് വിവിധ പരാതികൾ പഞ്ചായത്തിൽ സമർപ്പിച്ച കൊണ്ടിരിക്കുകയാണ് ചെയ്യുന്നത്. പ്രസ്തുത കെട്ടിട നിർമ്മാണം സംബന്ധിച്ച് നിരവധി പ്രദേശവാസികളുൾപ്പെടെയുള്ളവരിൽ നിന്നും പരാതികൾ നിലവിലുള്ളതിനാൽ പ്രസ്തുത അനധികൃത നിർമ്മാണം ക്രമവത്കരിക്കുന്നതു വരെ കെ പി ബി ആർ 2019 ചട്ടം 91 പ്രകാരം പ്രസ്തുത കെട്ടിടത്തിൽ

യാതൊരു വിധ തുടർ നിർമ്മാണവും നടത്താൻ പാടുള്ളതല്ലെന്നുള്ള 5/12/2023 തിയ്യതിയായുള്ള ഉത്തരവ് ടിയാന് നൽകുകയും ചെയ്തിരുന്നു. എന്നാൽ അവധി ദിവസങ്ങളിൽ ഉൾപ്പെടെ പ്രസ്തുത കെട്ടിടത്തിൽ ടിയാൻ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുകയും പ്രദേശവാസികൾ ആയത് തടയാൻ ശ്രമിച്ചതിൻറെയും അടിസ്ഥാനത്തിൽ പോലീസിൽ വിവരമറിയിക്കുകയും ചെയ്തിട്ടുള്ളതാണെന്നും ബോധിപ്പിക്കുന്നു.

വിശ്വസ്തതയോടെ,

രജനി പി

സെക്രട്ടറി

Document certified by REJANI
<REJANISREEPADM@
GMAIL.COM>
Digitally signed by REJANI
Date: 2024.01.1? ??:33:24 IST
Reason: ILGMS Govt. of kerala